**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2899** **12-07-2022 - ൽ മറുപടിയ്ക്ക്**

**വിളപ്പിൽ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വിളപ്പിൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സം നേരിടുന്നുണ്ടോയെന്നും പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കാമോ? | (എ) | **വിളപ്പിൽ പഞ്ചായത്തിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനു വേണ്ടി തടയണ, കിണറും പമ്പ്ഹൗസും, പമ്പിംഗ് മെയിൻ, ജലശുദ്ധീകരണ ശാല, ഉപരിതല ജലസംഭരണി മറ്റു അനുബന്ധ ഘടകങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു പദ്ധതി വിഭാവനം ചെയ്യുകയും 16 കോടി രൂപയുടെ ഭരണാനുമതി നൽകുകയുമുണ്ടായി. കാവടിക്കടവിലെ കിണറും പമ്പ് ഹൗസും, റാ വാട്ടർ പമ്പിംഗ് മെയിൻ തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയാക്കുകയും ചീലപ്പാറയിലെ ജലശുദ്ധീകരണ ശാലയുടെ നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലുമാണ്. കാവടിക്കടവിൽ കരമന നദിക്കു കുറുകെയുള്ള തടയണ നിർമ്മാണം നേരത്തെ തന്നെ പൂർത്തിയാക്കിയിരുന്നു. ചീലപ്പാറ ഉപരിതല ജലസംഭരണി മുതൽ പേയാട് ജംഗ്ഷൻ വരെ പ്രധാന ജല വാഹിനി കുഴലുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. ജലശുദ്ധീകരണശാല മുതൽ കാവിൻപുറം ജലസംഭരണി വരെ പ്രധാന ജലവാഹിനി കുഴലുകൾ സ്ഥാപിക്കുന്ന പ്രവർത്തികളും പൂർത്തിയായി കഴിഞ്ഞു. പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവ സ്ഥാപിക്കുന്ന പ്രവർത്തികൾ പുരോഗമിക്കുന്നു. പദ്ധതി 2022 സെപ്റ്റംബർ ആദ്യവാരത്തോടുകൂടി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ജലശുദ്ധീകരണശാലയിൽ നിന്നുള്ള ബാക്ക് വാഷ് വാട്ടർ ഒഴുക്കി കളയുന്നതിനുള്ള ഓടയുടെ നിർമ്മാണം മുൻ സമ്മത പ്രകാരം വിളപ്പിൽ പഞ്ചായത്ത് നടപ്പിലാക്കേണ്ടതുണ്ട്.** |

സെക്ഷൻ ഓഫീസർ